


*ജയ്പൂരിൽ സംഘടിപ്പിച്ച ഭീകരതാ വിരുദ്ധ സമ്മേളനം*

## ജയ്പൂർ സ്ഫോടനം

# മനുഷ്യാവകാശ പ്രവർത്തകർ ഐ.ജിയെ കണ്ടു

**രാജസ്ഥാൻ** മുസ്‌ലിംകളുടെ പൊതുവേദിയായ 'രാജസ്ഥാൻ മുസ്‌ലിം ഫോറ'ത്തിന്റെ കൺവീനർ ഖാരി മുഈനുദ്ദീന്റെ നേതൃത്വത്തിൽ മനുഷ്യാവകാശ പ്രവർത്തകരുടെയും മുസ്‌ലിം സംഘടനാ പ്രതിനിധികളുടെയും ഒരു സംഘം രാജസ്ഥാൻ സ്പെഷൽ ഓപ്പറേഷൻ ഗ്രൂപ്പിന്റെ ചുമതലയുള്ള പോലീസ് ഐ.ജി ലക്ഷ്മൺ മീനയെ ചെന്നു കണ്ട് ചർച്ച നടത്തി. കമ്യൂണിസ്റ്റ് നേതാവ് വഹാറുൽ അഹദ്, എം.എൽ.എമാരായ ഇമാദുദ്ദീൻ ഖാൻ, ബുർജ് കിശോർ ശർമ, മാഹിർ ആസാദ്, പീപ്പ്ൾസ് യൂനിയൻ ഫോർ സിവിൽ ലിബർട്ടീസ് (പി.യു.സി.എൽ) രാജസ്ഥാൻ ഘടകം പ്രസിഡന്റ് പ്രേം കിശോർ ശർമ, ജമാഅത്തെ ഇസ്‌ലാമി രാജസ്ഥാൻ ഘടകം അധ്യക്ഷൻ എഞ്ചിനീയർ മുഹമ്മദ് സലിം, സെക്രട്ടറി നാസിമുദ്ദീൻ തുടങ്ങിയവരാണ് സംഘത്തിലുണ്ടായിരുന്നത്.

ജയ്പൂർ സ്ഫോടനത്തിന്റെ മറവിൽ സംസ്ഥാന ഭരണകൂടവും പോലീസും മുസ്‌ലിംകളെ സംശയത്തിന്റെ നിഴലിൽ നിർത്തുകയാണെന്ന് അവർ ഐ.ജിയെ ധരിപ്പിച്ചു. പലേടത്തും പള്ളി ഇമാമുമാരെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ച് ചോദ്യം ചെയ്യുകയാണ്. ഇത് സംസ്ഥാനത്തുടനീളമുള്ള മുസ്‌ലിം പണ്ഡിതന്മാരിലും സംഘടനാ ഭാരവാഹികളിലും മദ്റസാ അധ്യാപകരിലും ഭീതി ജനിപ്പിക്കാൻ കാരണമായിട്ടുണ്ട്. ജയ്പൂർ സ്ഫോടനത്തിൽ മുസ്‌ലിംകളെ മാത്രമേ പോലീസ് സംശയിക്കുന്നുള്ളൂ. സ്ഫോടനം നടത്തിയതിൽ പങ്കുണ്ടെന്ന സംശയത്തിന്റെ പേരിൽ പോലീസ് പിടികൂടുകയോ ചോദ്യം ചെയ്യുകയോ ചെയ്ത 500 പേരിൽ ഒന്നോ രണ്ടോ പേർ ഒഴിച്ച് ബാക്കിയെല്ലാവരും മുസ്‌ലിംകളാണ്. ചോദ്യം ചെയ്യാനായി സ്റ്റേഷനിലേക്ക് കൊണ്ടുപോയ പലരും നിരപരാധികളാണെന്ന് തെളിഞ്ഞിട്ടും അവരെ വിട്ടയച്ചിട്ടില്ല. മുസ്‌ലിം സംഘടനകളെ മാത്രം സംശയിക്കുകയും മറ്റു സംഘടനകളെ സംശയിക്കാതിരിക്കുകയും ചെയ്യുന്നത് നീതിബോധത്തിന് നിരക്കുന്നതല്ലെന്നും പ്രതിനിധി സംഘം ഐ.ജിയോട് പറഞ്ഞു. പരാതികൾ പരിശോധിക്കാമെന്നും വേണ്ട നടപടികൾ സ്വീകരിക്കാമെന്നും ഐ.ജി പ്രതിനിധിസംഘത്തിന് ഉറപ്പുനൽകി.

അതിനിടെ, രാജസ്ഥാൻ മുസ്‌ലിം ഫോറത്തിന്റെയും പീപ്പ്ൾസ് മൂവ്മെന്റ് ഓഫ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ ജയ്പൂരിൽ ഒരു ഭീകരതാ വിരുദ്ധ സമ്മേളനം സംഘടിപ്പിച്ചിരുന്നു. ജസ്റ്റിസ് രജീന്ദർ സച്ചാറാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. സ്ഫോടനത്തിനു ശേഷം ജയ്പൂർ നിവാസികൾ ജാതിമത ഭേദമന്യേ ഒറ്റക്കെട്ടായി സ്ഫോടനങ്ങളെ അപലപിച്ചതും വർഗീയധ്രുവീകരണമുണ്ടാക്കാനുള്ള നീക്കങ്ങൾ തടഞ്ഞതും മാതൃകാപരമാണെന്ന് സമ്മേളനത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. ■

# വനിതാ വിഭാഗം നേതൃപരിശീലന ക്യാമ്പ്

**ഇന്ത്യൻ** ജമാഅത്തെ ഇസ്‌ലാമിയുടെ വനിതാ വിഭാഗം സംഘടിപ്പിക്കുന്ന നേതൃപരിശീലന ക്യാമ്പ് 2008 ജൂലൈ 25 മുതൽ 27 വരെ ഹൈദരാബാദിൽ നടക്കും. നാല് സോണൽ കോ-ഓർഡിനേറ്റർമാർ, സംസ്ഥാന പ്രസിഡന്റുമാർ, സംസ്ഥാന കൂടിയാലോചനാ സമിതിയംഗങ്ങൾ എന്നിവരാണ് ഇതിൽ പങ്കെടുക്കേണ്ടത്. ക്യാമ്പിന്റെ വിശദവിവരങ്ങൾ ബന്ധപ്പെട്ടവരെ ഉടനെ അറിയിക്കുമെന്ന് വനിതാ വിഭാഗം അഖിലേന്ത്യാ കോ-ഓർഡിനേറ്റർ അതിയ്യ സിദ്ദീഖ പറഞ്ഞു. ■

# ഖുർആന്റെ സമ്പൂർണ നേപ്പാളി പരിഭാഷ



**മാവോയിസ്റ്റുകൾ** അധികാരത്തിലേറിയത് മുതൽ നേപ്പാൾ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്. ലോകത്തിലെ ഏക 'ഹിന്ദുരാഷ്ട്രം' സെക്യുലർ രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടതിന്റെ ആഘോഷത്തിമർപ്പിൽ അവിടെനിന്നുള്ള പല വാർത്തകളും മുങ്ങിപ്പോയി. അതിലൊന്നാണ് നേപ്പാളി ഭാഷയിലെ ആദ്യത്തെ ഖുർആൻ സമ്പൂർണ പരിഭാഷയുടെ പ്രകാശനം. കഴിഞ്ഞ മെയ് 31ന് കാഠ്മണ്ഡുവിൽ ചേർന്ന പ്രകാശന ചടങ്ങിൽ ഹിന്ദു, ബുദ്ധ പണ്ഡിതന്മാരും സന്യാസികളുമടക്കം വലിയൊരു ജനാവലി സംബന്ധിച്ചിരുന്നു. ലണ്ടനിലെ അൽ ഖുർആൻ അക്കാദമിയുടെ സഹായത്തോടെ 'ഇസ്‌ലാമി സംഘ്' എന്ന നേപ്പാളി സംഘടനയാണ് അഞ്ചു വർഷത്തെ കഠിനാധ്വാനത്തിനുശേഷം പരിഭാഷ പൂർത്തിയാക്കിയത്. 'ഖുർആന്റെ സന്ദേശം സഹോദര സമുദായങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് ഈ സാഹസിക കൃത്യം ഞങ്ങൾ ഏറ്റെടുക്കുകയായിരുന്നു' -ഇസ്‌ലാമി സംഘിന്റെ അധ്യക്ഷൻ മൗലാനാ നസ്‌റുൽ ഹസൻ ഫലാഹി പറഞ്ഞു.

ഖുർആനിലെ ചില അധ്യായങ്ങളുടെ പരിഭാഷകൾ മാത്രമേ ഇതുവരെ നേപ്പാളി ഭാഷയിൽ ഉണ്ടായിരുന്നുള്ളൂ. സമ്പൂർണ പരിഭാഷ ഇസ്‌ലാമിക പ്രബോധനത്തിന് വലിയൊരു മുതൽക്കൂട്ടാവുമെന്ന് പ്രസാധകർ പറഞ്ഞു. നേപ്പാളിൽ മാത്രമല്ല, ഭൂട്ടാനിലും മ്യാന്മാറിലും ഇന്ത്യയുടെ ചില ഭാഗങ്ങളിലും നേപ്പാളി ഭാഷ സംസാരിക്കുന്നുണ്ട്. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന വിദേശ തൊഴിലാളികളിൽ ഗണ്യമായൊരു വിഭാഗം നേപ്പാളികളാണ്. ■